## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: 1627 — 1.11.2019- ൽ മറുപടി പറയേണ്ടത്

### തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ആനുകൂല്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ. എ.സി. മൊയ്തീൻ<br>(തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി) | |
| (എ) | ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടി ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജന-പ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി സർക്കാരിന്റെ 18/05/2017 തീയതിയിലെ സ.ഉ.(സാധാ.) നം.1621/2017/ തസ്വഭവ പ്രകാരം ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എം.പി. അജിത്കുമാർ കൺവീനറും താഴെ പറയുന്നവർ സമിതി അംഗങ്ങളുമാണ്.<br>1) ഡോ. മുഹമ്മദ് അഷീൽ (എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ)<br>2) ശ്രീ.. പി. വിശ്വംഭര പണിക്കർ (ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)<br>3) ശ്രീ.. വി.വി. രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ.<br>4) ശ്രീ. കെ.വി. അബ്ദുറഹിമാൻ (,പ്രസിഡന്റ് , ആൾകേരള ഫോർമർ പഞ്ചായത്ത് മെമ്പേർസ് അസോസിയേഷൻ.) |

| | | | |
|---|---|---|---|
| | | | 5) ശ്രീ.പി.അപ്പുക്കുട്ടൻ, (പ്രസിഡന്റ് കരുവട്ടൂർ ഗ്രാമപഞ്ചായത്ത്.കരുവട്ടൂർ പി.ഒ., കോഴിക്കോട്)<br>6) ശ്രീ. എൻ. എ. അസീസ്, (പ്രസിഡണ്ട്, ഫോർമർ പഞ്ചായത്ത് മെമ്പേർസ് ആന്റ് കൗൺസിലേർസ് ഓഫ് കേരള സ്റ്റേറ്റ് കമ്മറ്റി) |
| (ബി) | സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതുപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

Prudushtam

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഉപസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

## തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1621/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 18.05.2017.

==================================================================

പരാമർശം:- 06.02.2017-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി താഴെപറയുന്നവർ അംഗങ്ങളായി ഒരു ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. എം.പി.അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (**കൺവീനർ**)

**അംഗങ്ങൾ**

1. ഡോ.മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ
2. ശ്രീ. പി.വിശ്വംഭരപ്പണിക്കർ, ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
3. ശ്രീ.വി.വി.രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ,
4. ശ്രീ.കെ.വി.അബ്ദുറഹിമാൻ, പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ
5. ശ്രീ.പി.അപ്പുക്കുട്ടൻ, പ്രസിഡന്റ്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കുരുവട്ടൂർ പി.ഒ., കോഴിക്കോട്
6. ശ്രീ.എൻ.എ.അസീസ്, പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

ഉപസമിതിയിലെ എല്ലാ അംഗങ്ങൾക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ